(7 pages) **Reg. No. : ..............................**

**Code No. : 30504** **Sub. Code : C 1 MY 41**

U.G. (CBCS) DEGREE EXAMINATION,
APRIL 2023.

Fourth Semester

Part I — Malayalam

Paper IV— MADYAMASAHITHYAM – MEDIA LITERATURE

(For those who joined in July 2021 onwards)

Time : Three hours Maximum : 75 marks

PART A — (10 × 1 = 10 marks)

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ഇ-മെയിൽ എന്നാലെന്ത്?

   (a) ഇലക്ട്രോണിക് മെയിൽ

   (b) ഇന്റർനെറ്റ് മെയിൽ

   (c) ഇന്നോവേറ്റീവ് മെയിൽ

   (d) ഇൻസ്റ്റന്റ് മെയിൽ

2. മലയാളത്തിലെ ആദ്യത്തെ സാഹിത്യമാസികയുടെ പേര്

   (a) വിദ്യാവിനോദിനി (b) മംഗളോദയം

   (c) വിദ്യാവിലാസിനി (d) പശ്ചിമതാരക

3. മാധ്യമങ്ങളും മലയാളസാഹിത്യവും എന്ന കൃതി രചിച്ചതാര്?

   (a) സി.എഫ്. തോമസ്

   (b) എൻ.പി. വിജയകൃഷ്ണൻ

   (c) എം.വി. തോമസ്

   (d) സി.എസ്. വെങ്കിടേശ്വരൻ

4. സൈബർ പദാവലിയിൽ Refresh എന്നതിനു തുല്യമായി ഉപയോഗിക്കാവുന്ന മലയാളപദം ഏത്?

   (a) പുതുക്കുക (b) ഇനം

   (c) പട്ടിക (d) ഫയൽ

5. താഴെക്കൊടുത്തിരിക്കുന്നതിൽ മലയാളത്തിലെ ആദ്യത്തെ വെബ്സൈറ്റ് ഏത്?

   (a) മാതൃഭൂമി.കോം

   (b) ദീപിക.കോം

   (c) കേരളകൗമുദി.കോം

   (d) മനോരമ ഓൺലൈൻ.കോം



Nesamony Memorial Christian College, Marthandam

6. സ്വദേശാഭിമാനി പത്രത്തിന്റെ സ്ഥാപകൻ

(a) കെ. രാമകൃഷ്ണപിള്ള

(b) വക്കം അബ്ദുൾഖാദർ മൗലവി

(c) കേസരി ബാലകൃഷ്ണപിള്ള

(d) സി.വി. കുഞ്ഞുരാമൻ

7. ആദ്യമായി മലയാളലിപികൾ അച്ചടിക്കപ്പെട്ട ഗ്രന്ഥമേത്?

(a) വർത്തമാനപ്പുസ്തകം

(b) സംക്ഷേപവേദാർത്ഥം

(c) പുതിയ നിയമം

(d) ഹോർത്തൂസ് മലബാറിക്കൂസ്

8. ദേശീയതലത്തിലുള്ള ആദ്യ ഇലക്ട്രോണിക് ബഹുജന മാധ്യമം എന്ന പ്രാധാന്യം ഉണ്ടായിരുന്നത് എന്തിന്?

(a) റേഡിയോയ്ക്ക് (b) ടെലിവിഷന്

(c) ഇന്റർനെറ്റിന് (d) ദിനപ്പത്രത്തിന്



9. ലോകത്തിലെ ഏറ്റവും വലുതും സൗജന്യവും ആയ ഇന്റർനെറ്റ് അടിസ്ഥാനമാക്കുന്ന വിജ്ഞാനകോശം

(a) ബൈഡു ബൈക്കി

(b) വിക്കിപീഡിയ

(c) സ്കോളർപീഡിയ

(d) എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക

10. ബ്ലോഗ്, വീഡിയോ എന്നീ പദങ്ങളിൽ നിന്ന് രൂപപ്പെട്ടത് ———— ആണ്.

(a) ബ്ലോഗർ (b) വീഡിയോഗ്രാഫർ

(c) വ്ലോഗർ (d) വീഡിയോ എഡിറ്റർ

PART B — (5 × 5 = 25 marks)

250 വാക്കിൽ കവിയാതെ അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. (a) ആശയവിനിമയപ്രക്രിയ എന്നാലെന്ത്? മാധ്യമത്തിന് ഇതിലുള്ള പങ്കെന്ത്?

അല്ലെങ്കിൽ

(b) മാധ്യമഭാഷയുടെ സവിശേഷതകളെക്കുറിച്ച് ഉപന്യസിക്കുക.



Nesamony Memorial Christian College, Marthandam

12. (a) ലിപി പരിഷ്കരണത്തിന്റെ ആവശ്യകത എന്തായിരുന്നു? ഇത് മലയാളലിപികളിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം?

അല്ലെങ്കിൽ

(b) അച്ചടി സാങ്കേതികവിദ്യ മലയാളത്തിൽ എന്ന വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക.

13. (a) ഏറ്റവുമെളുപ്പത്തിൽ ആശയവിനിമയം നടത്തുന്നവയാണ് പരസ്യങ്ങൾ - കാരണമെന്ത്? വിലയിരുത്തുക.

അല്ലെങ്കിൽ

(b) ആശയബോധവും പരസ്യങ്ങളുടെ പങ്കും - ചർച്ച ചെയ്യുക.

14. (a) റിയാലിറ്റി ഷോകൾ യാഥാർത്ഥജീവിതത്തെ മത്സരങ്ങളുടേതാക്കി മാറ്റുന്നു - വിശദീകരിക്കുക.

അല്ലെങ്കിൽ

(b) പാശ്ചാത്യ റിയാലിറ്റി ഷോകളും ഇന്ത്യയിലെ റിയാലിറ്റി ഷോകളും തമ്മിലുള്ള വ്യത്യാസങ്ങൾ അടയാളപ്പെടുത്തുക.



15. (a) സൈബർ മലയാളം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്? കൃതിയെ അടിസ്ഥാനമാക്കി വിശദമാക്കുക.

അല്ലെങ്കിൽ

(b) ഹൈപ്പർ ടെക്സ്റ്റിനുള്ള മേന്മകൾ എന്തെല്ലാം?

PART C — (5 × 8 = 40 marks)

600 വാക്കിൽ കവിയാതെ അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

16. (a) വിവിധതരം മാധ്യമങ്ങളെക്കുറിച്ച് വിശദീകരിച്ച് എഴുതുക. പ്രത്യേകതകൾ പ്രതിപാദിക്കുക.

അല്ലെങ്കിൽ

(b) മാധ്യമങ്ങൾ സമൂഹത്തെ നിയന്ത്രിക്കുന്നുണ്ടോ? ടെലിവിഷനിലെ പ്രൈംടൈം ചർച്ചകളെ അടിസ്ഥാനമാക്കി കണ്ടെത്തുക.

17. (a) സ്മാർട്ട് ഫോണുകളുടെ ഗുണദോഷവശങ്ങൾ എന്തെല്ലാം? ഉപന്യസിക്കുക.

അല്ലെങ്കിൽ

(b) സോഷ്യൽ മീഡിയ പുതിയ കാലത്ത് ഒഴിവാക്കാനാകാത്ത മാധ്യമമാണോ? നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.



Nesamony Memorial Christian College, Marthandam

18. (a) സാംസ്കാരികരംഗത്തെയും ജീവിതത്തെയും പരസ്യങ്ങൾ സ്വാധീനിക്കുന്നതെങ്ങനെ? വിശദമാക്കുക.

അല്ലെങ്കിൽ

(b) സിനിമയുടെ പ്രമോഷൻ പരസ്യങ്ങളിൽ അഭിപ്രായരൂപീകരണം നടത്തുന്നതിന് ഊന്നൽ കൊടുക്കുന്ന കാര്യങ്ങൾ എന്തെല്ലാം?

19. (a) മലയാളത്തിലെ അച്ചടിയുടെ വളർച്ചയും വികാസവും - ഉപന്യാസം തയ്യാറാക്കുക.

അല്ലെങ്കിൽ

(b) തനതുലിപികളുടെ പ്രത്യേകതകൾ എന്തെല്ലാം? ലിപി പരിഷ്കരണത്തിലൂടെ ഉണ്ടായ പ്രശ്നങ്ങൾ ചർച്ച ചെയ്യുക.

20. (a) മലയാളത്തിലെ ജനകീയസിനിമകളുടെ പൊതു സ്വഭാവം പരിശോധിക്കുക.

അല്ലെങ്കിൽ

(b) റേഡിയോ വളരെ നിർണ്ണായകമായി ജനങ്ങളെ സ്വാധീനിച്ച മാധ്യമമാണ്. ഇന്നത്തെ അതിന്റെ സ്ഥാനം താരതമ്യപ്പെടുത്തി വിവരിക്കുക.

---



*Nesamony Memorial Christian College, Marthandam*